# അനശ്വരനായ ഇടശ്ശേരി

## മഹാകവി അക്കിത്തം

ഇടശ്ശേരിയുടെ മരണം എഴുപത്തിനാലിലായിരുന്നു. മുപ്പതു കൊല്ലം കൊണ്ട് ഇടശ്ശേരി ഇങ്ങിനെ വളർന്നു വരാൻ, അദ്ദേഹത്തെക്കുറിച്ചുള്ള വായനക്കാരന്റെ, അനുവാചകന്റെ ബോധമണ്ഡലത്തിൽ അദ്ദേഹം കൂടുതൽ ശക്തമായ എന്തോ ഒന്ന് പതിപ്പിച്ചിട്ടുണ്ട്. അതു പതിപ്പിക്കാൻ കാരണം ആ മനുഷ്യനിലുള്ള പൂർണത തന്നെയാണ്. അസാധാരണമായ എന്തോ ഒന്ന് അദ്ദേഹത്തിന്റെ ഉള്ളിലുണ്ട്. ഇപ്പോഴും നമുക്ക് മനസ്സിലാക്കാൻ കഴിയാത്ത ഒരുപാട് സൗന്ദര്യകണികകൾ അദ്ദേഹത്തിന്റെ കവിതകളിൽ ചിതറിക്കിടക്കുന്നു. എന്തൊക്കെയാണ് അദ്ദേഹം പറഞ്ഞതെന്ന് ഇനിയും ഒരു നൂറ്റാണ്ട് ആളുകൾ ഗവേഷണം നടത്തിയാലേ മനസ്സിലാവൂ. എനിക്കിനിയും മനസ്സിലായിട്ടില്ല. മുന്നൂറോളം കവിതകൾ ഇവിടെ സമാഹരിച്ചിട്ടുണ്ട്. അതിൽ എല്ലാ കവിതയും മനസ്സിലായെന്നു ഞാൻ പറയുന്നില്ല. പക്ഷെ മറ്റു പല കവികളെയും പറ്റി ഞാൻ അങ്ങിനെ പറയില്ല. എനിക്കു മനസ്സിലായി എന്നുതന്നെ ചിലപ്പോൾ പറഞ്ഞേയ്ക്കും. അഹന്തയായിരിക്കും. എന്നാലും പറഞ്ഞേയ്ക്കും. പക്ഷേ ഇടശ്ശേരിക്കവിതകളെപ്പറ്റി അങ്ങിനെ പറയാൻ ധൈര്യമില്ല. പക്ഷേ ഇങ്ങിനെ വരികൾ കുറേകാലം മനസ്സിലിട്ട് അതുമായി ബന്ധപ്പെട്ടാൽ നമുക്ക് ഇതുവരെ വിചാരിക്കാത്ത അനുഭവങ്ങൾ വിവരിച്ചു പറയാൻ സാധിക്കും. ഇങ്ങിനെ ഒരസാധാരണമായ, ചിലപ്പോൾ കാളിദാസത്തനിമയെന്നുകൂടി പറയാവുന്ന ഒരു ഘടകം ഈ കവിതയിലുണ്ടായിരുന്നു എന്നത് സത്യമാണ്. അതിന്റെ ശക്തികൊണ്ടാണ് ഇടശ്ശേരിക്കവിത ഇങ്ങിനെ വീണ്ടും വീണ്ടും പ്രകാശിക്കുന്നത് എന്ന് എനിയ്ക്ക് തോന്നുന്നു. ഇടശ്ശേരിതന്നെ ഇതൊക്കെ ആദ്യമേ വിചാരിച്ചിട്ടുണ്ടാവും. ഞാൻ മരിക്കുന്നതുവരെ ആളുകളെന്നെ അത്രയൊന്നും ബഹുമാനിക്കില്ല, പക്ഷേ മരിച്ചതിനു ശേഷം കുറച്ചു കാര്യമായിട്ട് ആളുകളെന്നെ ബഹുമാനിക്കും എന്നൊക്കെ അദ്ദേഹത്തിന് അറിയുകയും ചെയ്യാമായിരുന്നു എന്ന് ഈ കവിതകളിൽ നിന്ന് എനിയ്ക്ക് തോന്നുന്നു. മാത്രമല്ല ആമയും മുയലും എന്ന കവിതയിൽ അദ്ദേഹം പറയുന്നുണ്ട്



നീ മറന്നുവോ നിന്നോടോട്ടപ്പന്തയം വെച്ചോ
രാമ ഞാനാ; അന്വേഷിപ്പൂ മുയലേ കുശലങ്ങൾ!

നിന്റെ കൂടെ വളരെ പിന്നിൽ നടന്ന ഒരാളാണ് ഞാൻ, പക്ഷെ ഇപ്പോൾ ഞാൻ ഒപ്പംതന്നെ എത്തിയില്ലേ എന്ന ഒരു സങ്കല്പം അതിലില്ലേ എന്ന് ഞാൻ സംശയിക്കുകയാണ്. ഇതൊക്കെ ആലോചിക്കാതെ ആ കവിത എഴുതാൻ പറ്റുമോ? ഇങ്ങിനെയൊക്കെ ദുർവ്യാഖ്യാനം ചെയ്യാൻ എന്നെ പ്രേരിപ്പിക്കുന്നതെന്തെന്നാൽ, ഇടശ്ശേരിയുടെ കവിത അങ്ങിനെയാണ്. അതിന് ഒന്നുരണ്ടു പഴയ ഉദാഹരണങ്ങളുണ്ട്. കുട്ടികൃഷ്ണമാരാരെപ്പറ്റി എഴുതിയ സമയത്ത് അദ്ദേഹം എഴുതി,

മയിലുകൾ പീലി വിടർത്തീടാൻ നിൻ-
തിരുമകനദ്രിച്ചെരുവിൽ
തെരുതെരെ മാറ്റൊലി ചേർത്തീരാറാം
പാണിതലത്താൽ കളിയായ്
ഇടികൾ മുഴക്കിയ, തിതിലധികം കുളിർ
കോരി നിറച്ചീലല്ലോ
ഭഗവൻ വാകപ്പൂതുപൂചൂടിയ
നിന്റെയിടം കാതിൽ ...

എന്ന് തൃപ്പങ്ങോട്ടപ്പനോട് ചോദിക്കയാണ് ഗുരുസ്മരണ എന്ന കവിതയിൽ. അവിടെ മാരാർ ഒരു കുട്ടിയായിരിക്കെ കുറേക്കാലം ചെണ്ടകൊട്ടിയിട്ടുണ്ട്. ഒരു പക്ഷെ സുബ്രഹ്മണ്യൻ മയിലുകൾ പീലി വിടർത്താൻ ഈരാറാം

കൈയാൽ കളിയായി ഇടികൾ മുഴക്കിയത് ഈ മാരാർ ചെണ്ടപ്പുറത്തുണ്ടാക്കിയ ശബ്ദത്തോളം അങ്ങയെ ആഹ്ലാദിപ്പിച്ചിട്ടുണ്ടാവില്ല എന്നാണല്ലോ ഇവിടെ ഇംഗിതം.

വാകപ്പുതുപൂ ചൂടിയ ഇടത്തെ കാതിൽ എന്നു പറയുന്നുണ്ടല്ലോ. ഈ കവിത സ്കൂളിലോ കോളേജിലോ പഠിക്കാനുണ്ടായിരുന്നു. ഒരദ്ധ്യാപകൻ എന്നോടു ചോദിച്ചു എന്താണിതിന്റെ അർത്ഥം എന്ന്. എനിയ്ക്കു പെട്ടെന്ന് മറുപടി പറയാൻ കഴിഞ്ഞില്ല. രണ്ടു ദിവസം അതെന്റെ മനസ്സിൽ കിടന്നു കളിച്ചു. അതിനിടയ്ക്ക് കാളിദാസന്റെ കവിത വായിക്കുകയായിരുന്നു. പെട്ടെന്ന് കാര്യം മനസ്സിലായി. കാളിദാസന്റെ സംസ്കൃത ശ്ലോകം ഇതാണ്.

ശീർഷമാലാധികസൗകുമാര്യൗ
ബാഹൂ തദീയാവിതിമേവിതർക്കഃ
പരാജിതേനാവി കൃതൗഹരസ്യ
യൗകന്യപാശൗ മകരധ്വജേന.

(അവളുടെ കൈകൾ നെന്മേനി വാകപ്പൂമാലയേക്കാളും സുകുമാരങ്ങളാണെന്ന് ഞാൻ ഊഹിക്കുന്നു. അവയെ കാമദേവൻ തോറ്റതിന്നു ശേഷവും ശിവന്റെ കണ്ഠപാശങ്ങളാക്കിയല്ലോ.)

ശിവന്റെ ഇടത്തേ ചുമലിൽ ശ്രീപാർവ്വതിയുടെ കൈ വച്ചിരിക്കയാണ്. ആ കൈ ഒരു വാകപ്പൂവാണെന്ന് പരമശിവന്ന് തോന്നുകയാണ് എന്നു കണ്ടെത്തുന്നത് ഇടശ്ശേരിയാണ്. രണ്ടുകാതിലുമില്ല, ഇടത്തെകാതിൽ മാത്രം എന്നാണല്ലോ അദ്ദേഹം പറഞ്ഞിരിക്കുന്നത്. ഇതായിരിക്കണം ഇടശ്ശേരി ഉദ്ദേശിച്ചത്. ഇങ്ങിനെ ഒരു സ്ഥലത്തല്ല, ഇടശ്ശേരിയുടെ കവിതയിൽ പലപ്പോഴും പൗരാണികമായ ഭാരതീയ സാഹിത്യത്തിന്റെ കണികകൾ പ്രകാശം പരത്തുന്നതായി കാണാറുണ്ട്.

വേറൊരുദാഹരണം - ബിംബിസാരന്റെ ഇടയനി ൽ.

യാഗശാലയിലേയ്ക്കു നടക്കുവി -
നാഗസ്വികളാമാടുകളേ
ബിംബിസാരനൃപൻ ദീക്ഷിപ്പൂ
നിങ്ങളെ മീളുമൊരധ്വരം.

ഈ ആടുകളെപ്പറ്റി പറയുമ്പോൾ എന്തിനാണ് ആഗസ്വികൾ എന്നു പറയുന്നത്? കുറേ ചിന്തിച്ചപ്പോൾ തോന്നി, ശാകുന്തള ത്തിൽ കാളിദാസൻ എഴുതി,

ത്വൽ സാധുകൃത സന്ധാനം
പ്രതിസംഹാര സായകം
ആർത്തത്രാണായ വഃശസ്ത്രം
നാ പ്രഹർത്തും അനാഗസി

അനാഗസ്വികളെ പ്രഹരിക്കാൻ വേണ്ടിയല്ല ശസ്ത്രം എന്ന് ശാകുന്തളത്തിൽ പറയുന്നുണ്ട് എന്നർത്ഥം. ഇത് ഓർമ്മ വന്നപ്പോൾ ബോധ്യപ്പെട്ടു, സംഗതി അതുതന്നെയാണ്. അവിടെ ആഗസ്വി എന്ന അർത്ഥം വരുമ്പോൾ ആ വാക്കേ ഇങ്ങേർക്ക് ഉപയോഗിക്കാൻ പറ്റൂ. അത്രത്തോളം കാളിദാസകൃതിയുമായിട്ട് ഹൃദയം ലയിച്ചുകഴിഞ്ഞ ഒരു കവിയ്ക്ക് അങ്ങിനേയേ പ്രയോഗിയ്ക്കാൻ പറ്റൂ. അപ്പോൾ മറ്റേ കവിതയുടെ ഓർമ്മ വന്നാലേ നമുക്ക് ഈ കവിതയുടെ സുഖം ആസ്വദിക്കാൻ കഴിയൂ. ഇങ്ങിനെ കുറേ ബുദ്ധിമുട്ട് ഇടശ്ശേരിയുടെ കവിതയ്ക്കുണ്ട്. ആ ബുദ്ധിമുട്ടാണ് അദ്ദേഹത്തിന്റെ കവിതയ്ക്ക് മരണാനന്തരം ഇത്രയും പ്രകാശം ഉണ്ടാക്കിയതെന്നും ഞാൻ വിചാരിക്കുന്നു. പക്ഷെ നമുക്ക് എല്ലാം മനസ്സിലായെന്നു വിചാരിക്കേണ്ട. ഓരോ വരികളും വീണ്ടും വീണ്ടും വായിക്കുമ്പോൾ അതുവരെ മനസ്സിലാവാത്ത എന്തെല്ലാമോ വീണ്ടും മനസ്സിലാവുന്നതായി അനുഭവപ്പെടുകയും ചെയ്യുന്നതായിട്ടാണ് വിനീതമായ എന്റെ അനുഭവം.